**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : **T 1905**

**04.11.2019 ൽ മറുപടിയ്ക്ക്**

## കോടതിഭാഷ മലയാളമാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഡി.കെ. മുരളി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കോടതിഭാഷ മലയാളമാക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) കോടതിഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിന് വേണ്ടി 27.01.2019 ലെ സ.ഉ.(കൈ)നം.12/2009/നിയമം എന്ന ഉത്തരവ് പ്രകാരം ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനും, ബഹു.ആഭ്യന്തരകാര്യ മന്ത്രി, ബഹു.നിയമ പാർലമെന്ററി കാര്യമന്ത്രി എന്നിവർ അംഗങ്ങളായുള്ള ഒരു ഉന്നതതല സമിതി രൂപീകരിക്കുകയുണ്ടായി. തുടർന്ന് 19.12.2013 ലെ സ.ഉ(കൈ) നം.223/2013/ നിയമം ഉത്തരവ് പ്രകാരം 12 അംഗങ്ങളെ കൂടി ഉൾപ്പെടുത്തി പ്രസ്തുത സമിതി വിപുലീകരിക്കുകയുണ്ടായി. ഉന്നതതല സമിതിയുടെ യോഗ തീരുമാനമനുസരിച്ച് നിലവിൽ കീഴ് കോടതികളിലെ വ്യവഹാര-ഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |
| (ബി) ഇതിന്റെ ഭാഗമായി കീഴ്ക്കോടതികളിൽ പരിഭാഷകരെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) ഉന്നതതലസമിതിയുടെ 2018-ൽ ചേർന്ന യോഗ തീരുമാനമനുസരിച്ച് ഒരു തുടക്കമെന്ന നിലയിൽ സംസ്ഥാനത്തെ കീഴ് കോടതികളിൽ 220 പരിഭാഷകരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ